# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

ദൂത് മൂന്ന്

## നമ്മുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നല്ലദേശമായി ആസ്വദിക്കുന്നു

JL Hymns: ML14, E643

തിരുവെഴുത്ത് വായന: കൊലൊ. 1:12; 2:6-15, 19;
പുറ. 3:8; ആവ. 8:8-9; 26:9

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

കൊലൊ. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

കൊലൊ. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

കൊലൊ. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

കൊലൊ. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

കൊലൊ. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

കൊലൊ. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

കൊലൊ. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ

അവൻ ജീവിപ്പിച്ചു;

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

പുറ. 3:8 അവരെ മിസ്രയീമ്യരുടെ കയ്യിൽനിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു, കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നവരുടെ സ്ഥലത്തേക്കു അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു.

ആവ. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

ആവ. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

ആവ. 26:9 ഞങ്ങളെ ഈ സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നു; പാലും തേനും ഒഴുകുന്ന ഈ ദേശം ഞങ്ങൾക്കു തന്നുമിരിക്കുന്നു.

**I. സർവോൽകൃഷ്ടനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്—കൊലൊ. 1:12:**

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

A. *നറുക്കിട്ടുനൽകപ്പെട്ട ഓഹരി* എന്നത് തങ്ങളുടെ അവകാശത്തിനുവേണ്ടി യിസ്രായേൽമക്കൾക്കു നൽകിയ കനാൻ എന്ന നല്ലദേശത്തെ നറുക്കിട്ടുനൽകിയത് ഉദാഹരിക്കുന്നതുപോലെ, നറുക്കിട്ടുനൽകപ്പെട്ട അവകാശത്തെ പരാമർശിക്കുന്നു—യോശു. 14:1.

യോശു. 14:1 കനാൻദേശത്തു യിസ്രായേൽമക്കൾക്കു അവകാശമായി ലഭിച്ച ദേശങ്ങൾ ആവിതു: പുരോഹിതനായ എലെയാസാരും നൂന്റെ മകനായ യോശുവയും യിസ്രായേൽഗോത്രപിതാക്കന്മാരിൽ തലവന്മാരും ഇവ അവർക്കു വിഭാഗിച്ചുകൊടുത്തു.

B. പുതിയനിയമ വിശ്വാസികളുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരി ഒരു ഭൗതിക ദേശമല്ല; അത് ജീവൻ-നൽകുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ്—കൊലൊ. 2:6-7; ഗലാ. 3:14:

കൊലൊ. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

കൊലൊ. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

ഗലാ. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

1. നല്ലദേശത്തിന്റെ സമ്പന്നത ക്രിസ്തുവിന്റെ ആത്മാവിൽ തന്റെ വിശ്വാസികൾക്കുള്ള ധാരാളമായ സഹായമായ വ്യത്യസ്ത വശങ്ങളിലുള്ള ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ മുൻകുറിക്കുന്നു—ആവ. 8:7-10; എഫെ. 3:8; ഫിലി. 1:19.

ആവ. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

ആവ. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

ആവ. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

ആവ. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

2. ദേശത്തിന്റെ സമ്പന്നത ആസ്വദിക്കുന്നതിലൂടെ, ക്രിസ്തുവിലുള്ള വിശ്വാസികൾ ദൈവത്തിന്റെ ഭവനവും ദൈവരാജ്യവും എന്ന നിലയിൽ അവന്റെ ശരീരമായിരിക്കുവാൻ പണിയപ്പെടുന്നു—എഫെ. 1:22-23; 2:21-22; 1 തിമൊ. 3:15; മത്താ. 16:18-19; റോമ. 14:17.

| | |
|---|---|
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 2:21 | അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു; |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| മത്താ. 16:19 | സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും. |
| റോമ. 14:17 | എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. |

**II. ദൈവത്തിന്റെ വിളിയുടെ ഉദ്ദേശ്യം, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ പാലും തേനും ഒഴുകുന്ന നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനത്തിലേക്ക് കൊണ്ടുവരിക എന്നതാണ്—പുറ. 3:8; പ്ര.നി. 1 കൊരി. 1:9:**

| | |
|---|---|
| പുറ. 3:8 | അവരെ മിസ്രയീമ്യരുടെ കയ്യിൽനിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു, കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നവരുടെ സ്ഥലത്തേക്കു അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു. |

1 കൊരി. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

A. ജന്തുജീവന്റെയും സസ്യജീവന്റെയും സമ്മിശ്രമായ പാലും തേനും ക്രിസ്തുവിന്റെ ജീവന്റെ രണ്ടു വശങ്ങൾ—വീണ്ടെടുപ്പിൻ വശവും ഉല്പാദിപ്പിക്കുന്ന വശവും—ആണ്—ആവ. 8:8; 26:9; പ്ര.നി. യോഹ. 1:29; 12:24:

ആവ. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

ആവ. 26:9 ഞങ്ങളെ ഈ സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നു; പാലും തേനും ഒഴുകുന്ന ഈ ദേശം ഞങ്ങൾക്കു തന്നുമിരിക്കുന്നു.

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

1. ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുപ്പിൻ വശം നമ്മുടെ നൈതിക വീണ്ടെടുപ്പിനുവേണ്ടിയും, ക്രിസ്തുവിന്റെ ജീവന്റെ ഉല്പാപ്പിക്കുന്ന വശം നമ്മുടെ ജൈവിക രക്ഷയ്ക്കുവേണ്ടിയും ആണ്—1:29; 12:24; വെളി. 2:7; റോമ. 5:10.

   യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

   യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

   വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

   റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

2. കർത്താവിന്റെ മേശയുടെ പ്രതീകങ്ങൾ ദൈവത്തിന്റെ സമ്പൂർണ രക്ഷയ്ക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുക്കുന്നതും ഉല്പാദിപ്പിക്കുന്നതുമായ വശങ്ങളെ സൂചിപ്പിക്കുന്നു; അങ്ങനെ,

നല്ലദേശം നമ്മുടെ ആസ്വാദനത്തിനായുള്ള ഒരു മേശ, ഒരു വിരുന്ന്, ആയിത്തീർന്നിരിക്കുന്നു—മത്താ. 26:26-28; 1 കൊരി. 10:17.

| | |
|---|---|
| മത്താ. 26:26 | അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, യേശു അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, ശിഷ്യന്മാർക്കു നൽകിയിട്ട്, വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരമാകുന്നു എന്നു പറഞ്ഞു. |
| മത്താ. 26:27 | എന്നിട്ട് അവൻ പാനപാത്രം എടുത്തു, സ്തോത്രം ചൊല്ലി, അതിനെ അവർക്കു കൊടുത്തിട്ടു പറഞ്ഞത്, ഇതിൽനിന്ന് നിങ്ങൾ എല്ലാവരും കുടിക്കുവിൻ, |
| മത്താ. 26:28 | എന്തെന്നാൽ ഇത് അനേകർക്കുവേണ്ടി, പാപങ്ങളുടെ ക്ഷമയ്ക്കായി ഒഴിക്കപ്പെടുന്ന, ഉടമ്പടിയുടെ എന്റെ രക്തമാകുന്നു എന്നു പറഞ്ഞു. |
| 1 കൊരി. 10:17 | അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ. |

B. തന്റെ വീണ്ടെടുക്കുന്നതും ഉല്ലാദിപ്പിക്കുന്നതുമായ വശങ്ങളിൽ നല്ലദേശമായി സർവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കണമെങ്കിൽ നാം *വെളിച്ചത്തിൽ* ആയിരിക്കണം—കൊലൊ. 1:12; 1 പത്രൊ. 2:9; യെശ. 2:5:

| | |
|---|---|
| കൊലൊ. 1:12 | വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു; |
| 1 പത്രൊ. 2:9 | എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു; |
| യെശ. 2:5 | യാക്കോബുഗൃഹമേ, വരുവിൻ; നമുക്കു യഹോവയുടെ വെളിച്ചത്തിൽ നടക്കാം. |

1. ദൈവം വെളിച്ചമാണ്—1 യോഹ. 1:5.

| | |
|---|---|
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |

2. ദൈവവചനം വെളിച്ചമാണ്—സങ്കീ. 119:105, 130.

| | |
|---|---|
| സങ്കീ. 119:105 | നൂൻ. നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു. |
| സങ്കീ. 119:130 | നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം |

| | |
|---|---|
| | ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു. |

3. ക്രിസ്തു വെളിച്ചമാണ്—യോഹ. 8:12; 9:5.

| | |
|---|---|
| യോഹ. 8:12 | അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു. |
| യോഹ. 9:5 | ഞാൻ ലോകത്തിലായിരിക്കുമ്പോൾ, ലോകത്തിന്റെ വെളിച്ചം ആകുന്നു. |

4. ക്രിസ്തുവിന്റെ ജീവൻ വെളിച്ചമാണ്—1:4.

| | |
|---|---|
| യോഹ. 1:4 | അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. |

5. വിശ്വാസികൾ വെളിച്ചമാണ്—മത്താ. 5:14; ഫിലി. 2:15.

| | |
|---|---|
| മത്താ. 5:14 | നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത് അസാധ്യമാകുന്നു. |
| ഫിലി. 2:15 | ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു, |

6. സഭ വെളിച്ചത്താൽ പ്രകാശിക്കുന്ന ഒരു നിലവിളക്കാണ്—വെളി. 1:20; സങ്കീ. 73:16-17.

| | |
|---|---|
| വെളി. 1:20 | എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു. |
| സങ്കീ. 73:16 | ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസമായി തോന്നി; |
| സങ്കീ. 73:17 | ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു. |

C. തന്റെ വീണ്ടെടുക്കുന്നതും ഉല്ലാദിപ്പിക്കുന്നതുമായ വശങ്ങളിൽ നല്ലദേശമായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം ദൈവത്തിന്റെ വചനങ്ങൾ ഭക്ഷിക്കണം; ദൈവത്തിന്റെ വചനം നമുക്ക് കുടിക്കാനുള്ള പാലും നമുക്ക് ഭക്ഷിക്കാനുള്ള തേനുമാണ്—യോഹ. 6:57, 63, 68; 1 പത്രൊ. 2:2; സങ്കീ. 119:103; യെഹെ. 3:3.

| | |
|---|---|
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |
| യോഹ. 6:68 | ശിമോൻ പത്രൊസ് അവന് ഉത്തരം നൽകി, കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട്, |
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |
| സങ്കീ. 119:103 | തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു. |
| യെഹെ. 3:3 | മനുഷ്യപുത്രാ, ഞാൻ നിനക്കു തരുന്ന ഈ ചുരുൾ നീ വയറ്റിൽ ആക്കി ഉദരം നിറെക്ക എന്നു കല്പിച്ചു; അങ്ങനെ ഞാൻ അതു തിന്നു; അതു വായിൽ തേൻ പോലെ മധുരമായിരുന്നു. |

D. പാലും തേനിമുള്ള ദേശമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ, നാം പാലും തേനുമായ അവനെക്കൊണ്ട് സംരചിക്കപ്പെടും— “അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻ കീഴിൽ തേനും പാലും ഉണ്ട്”—ഉത്ത. 4:11:

1. രോഗബാധിതരായവരെ തേൻ പുനഃസ്ഥാപിക്കുന്നു, അതേസമയം പാൽ പുതിയവരെ പോഷിപ്പിക്കുന്നു.
2. അന്വേഷക അവളുടെ ഉള്ളിൽ വളരെയധികം സമ്പത്ത് സംഭരിച്ചിരിക്കുന്നതിനാൽ ഭക്ഷണം അവളുടെ നാവിൻ കീഴിലുണ്ട്, ഏതു സമയത്തും ആവശ്യക്കാർക്ക് ക്രിസ്തുവിന്റെ സമ്പത്ത് പകർന്നുകൊടുക്കുവാൻ അവൾക്കു കഴിയും—യെശ. 50:4; മത്താ. 12:35-36; ലൂക്കൊ. 4:22; എഫെ. 4:29-30.

| | |
|---|---|
| യെശ. 50:4 | തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു |
| മത്താ. 12:35 | നല്ല മനുഷ്യൻ, തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലകാര്യങ്ങളെ പുറപ്പെടുവിക്കുന്നു, ദുഷ്ട മനുഷ്യനോ, തന്റെ ദുഷ്ട നിക്ഷേപത്തിൽനിന്നു ദുഷ്ടകാര്യങ്ങളെ പുറപ്പെടുവിക്കുന്നു. |
| മത്താ. 12:36 | മനുഷ്യർ സംസാരിക്കുവാൻ പോകുന്ന സകല വെറുംവാക്കിനും ന്യായവിധിയുടെ ദിവസത്തിൽ അതെക്കുറിച്ച് അവർ കണക്കു ബോധിപ്പിക്കും. |
| ലൂക്കൊ. 4:22 | എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും, അവന്റെ |

വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു, ഇവൻ യോസേഫിന്റെ മകനല്ലയോ? എന്ന് അവർ പറഞ്ഞു.

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

എഫെ. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

3. ഈ മാധുര്യം ഒറ്റരാത്രികൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്നതല്ല, മറിച്ച് ഒരു നീണ്ട കാലയളവിലെ ശേഖരണത്തിൽനിന്നും, ആന്തരിക പ്രവർത്തനത്തിൽനിന്നും, ശ്രദ്ധയോടെയുള്ള സംഭരണത്തിൽനിന്നും വരുന്നതാണ്—ഉത്ത. 4:16; 2 കൊരി. 12:7-9.

ഉത്ത. 4:16 വടതിക്കാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക; എന്റെ തോട്ടത്തിൽനിന്നു സുഗന്ധം വീശേണ്ടതിന്നു അതിന്മേൽ ഊതുക; എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്നു അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

**III. നാം ആഗിരണം ചെയ്യുന്ന മൂലകങ്ങളാൽ നമുക്ക് വളരുവാൻ കഴിയത്തക്കവണ്ണം നമ്മുടെ ജീവനുള്ള ദേശമായ ക്രിസ്തുവിൽ നമുക്ക് നടക്കുവാനും, നാം വേരൂന്നിയിരിക്കുന്ന നമ്മുടെ സമ്പന്ന മണ്ണായ ക്രിസ്തുവിനെ ആഗിരണം ചെയ്യുവാനും നമുക്കു കഴിയും—കൊലൊ. 2:6-7; പ്ര.നി. 1 കൊരി. 3:6, 9; കൊലൊ. 2:19:**

കൊലൊ. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

കൊലൊ. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

A. കൊലൊസ്സ്യർ 2:8-15 നമുക്ക് ഒന്നിനും കുറവില്ലാത്ത മണ്ണായ ക്രിസ്തുവിന്റെ ഒരു പൂർണ വിവരണവും നിർവചനവും അവതരിപ്പിക്കുന്നു; സർവവും-ഉൾക്കൊള്ളുന്ന ദേശമായി അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ഈ വാക്യങ്ങളിലെ വസ്തുതകൾ നമ്മുടെ അനുഭവമായിത്തീരുന്നു:

കൊലൊ. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

കൊലൊ. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

കൊലൊ. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

കൊലൊ. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

കൊലൊ. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും

ചെയ്തു.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

1. മണ്ണായ ക്രിസ്തുവിലാണ് ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്—വാ. 9:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

a. *നിറവ്* സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സമ്പത്തിനെയല്ല, ദൈവത്തിന്റെ സമ്പത്തിന്റെ ആവിഷ്കാരത്തെയാണ്; ക്രിസ്തുവിൽ വസിക്കുന്നത് ദൈവത്വത്തിന്റെ സമ്പത്ത് മാത്രമല്ല, ദൈവം താൻ ആയിരിക്കുന്നതിന്റെ സമ്പത്തിന്റെ ആവിഷ്കാരവുമാണ്—വാ. 9; 1:15, 19; 3:10-11.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

കൊലൊ. 1:19 അവനിൽ സകല നിറവും വസിക്കുവാനും

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

b. മണ്ണായ ക്രിസ്തുവിൽ നാം വേരൂന്നുമ്പോൾ, നാം അവനിൽ പൂർണരാക്കപ്പെടുന്നു; അവന്റെ ആവിഷ്കാരമായിത്തീരുവാൻ എല്ലാ ദിവ്യ സമ്പത്താലും നാം നിറയപ്പെടുന്നു—എഫെ. 3:8, 19.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

c. മണ്ണായ ക്രിസ്തുവിൽ നാം നിറയപ്പെടുകയും, പൂർണരാക്കപ്പെടുകയും, തികഞ്ഞവരാക്കപ്പെടുകയും, സംതൃപ്തരാക്കപ്പെടുകയും, സമഗ്രമായി സഹായംനൽകപ്പെടുകയും ചെയ്യുന്നു; നമുക്ക് ഒന്നിനും കുറവില്ല—പ്ര.നി. ഫിലി. 1:19.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

d. മണ്ണായ ക്രിസ്തു താനാകുന്ന വ്യക്തിയുടെയും പ്രക്രിയകളുടെയും എല്ലാ സമ്പത്തോടുംകൂടെ ദൈവത്തിന്റെ ചരിത്രവും മാർമവുമാണ്—കൊലോ. 2:2.

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

2. മണ്ണായ ക്രിസ്തു എല്ലാ വാഴ്ച്ചയുടെയും അധികാരത്തിന്റെയും തലയാണ്—വാ. 10.

കൊലൊ. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

3. മണ്ണായ ക്രിസ്തുവിൽ ജഡത്തെ മരണത്തിനേല്പിക്കുന്ന കൊല്ലുന്ന ശക്തിയോടുകൂടിയ ഒരു മൂലകമുണ്ട്—വാ. 11.

കൊലൊ. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

4 മണ്ണായ ക്രിസ്തുവിൽ നമ്മെ അടക്കപ്പെടുവാൻ ഇടയാക്കുന്ന ഒരു മൂലകമുണ്ട്—വാ. 12.

കൊലൊ. 2:12a സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും,...

5. മണ്ണായ ക്രിസ്തുവിൽ നമ്മെ ഉയിർപ്പിക്കപ്പെടുവാൻ ഇടയാക്കുന്ന ഒരു മൂലകമുണ്ട്—വാ. 12.

കൊലൊ. 2:12b ... അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു..

6. മണ്ണായ ക്രിസ്തുവിൽ നമ്മെ ജീവിപ്പിക്കുന്ന ഒരു മൂലകമുണ്ട്—വാ. 13.

കൊലൊ. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

7. മണ്ണായ ക്രിസ്തുവിൽ ചട്ടങ്ങളിലുള്ള കൈയെഴുത്തിനെ മായ്ച്ചുകളയുന്ന ഒരു മൂലകമുണ്ട്—വാ. 14.

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

8. മണ്ണായ ക്രിസ്തുവിൽ അന്തരീക്ഷത്തിലെ ദുഷ്ടാത്മാക്കളുടെമേൽ ജയിക്കുന്ന ഒരു മൂലകമുണ്ട്—വാ. 15.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

B. നമ്മുടെ അനുഭവത്തിൽ അവനിൽ പൂർണരാക്കപ്പെടുന്നതിനുവേണ്ടി സമ്പന്നമായ മണ്ണായ ക്രിസ്തുവിന്റെ എല്ലാ മൂലകങ്ങളും നമ്മിലേക്ക് ആഗിരണം ചെയ്യപ്പെടത്തക്കവണ്ണം സർവവും-ഉൾക്കൊള്ളുന്ന ദേശമായി കർത്താവിനെ ആസ്വദിക്കുവാൻ നാം സമയമെടുക്കണം—വാ. 10; 4:2:

കൊലൊ. 2:10b ...അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,,

1. മണ്ണായ ക്രിസ്തുവിന്റെ സമ്പത്ത് നാം ആഗിരണം ചെയ്യണമെങ്കിൽ, നമുക്ക് മൃദുവായ, പുതിയ വേരുകൾ ഉണ്ടായിരിക്കണം—പ്ര.നി. 2 കൊരി. 4:16.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2. നമ്മുടെ സാഹചര്യത്തെയും, നമ്മുടെ അവസ്ഥയെയും, നമ്മുടെ പരാജയങ്ങളെയും, നമ്മുടെ ബലഹീനതകളെയും നാം മറക്കുകയും കർത്താവിനെ ആഗിരണം ചെയ്യുവാൻ സമയമെടുക്കുകയും വേണം; അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി നമ്മിലുള്ള ദൈവത്തിന്റെ വളർച്ചയോടുകൂടെ നാം വളരുന്നു—ലൂക്കൊ. 8:13; മത്താ. 14:22-23; 6:6; കൊലൊ. 2:7, 19.

ലൂക്കൊ. 8:13 പാറമേലുള്ളവരോ, അവർ കേൾക്കുമ്പോൾ, സന്തോഷത്തോടെ വചനം സ്വീകരിക്കുന്നവരാകുന്നു; എങ്കിലും അൽപകാലത്തേക്കു മാത്രം വിശ്വസിക്കുന്ന

| | |
|---|---|
| | ഇവർക്കു വേരില്ല, പരീക്ഷണകാലത്ത് അവർ പിൻമാറി പോകുന്നു. |
| മത്താ. 14:22 | ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു. |
| മത്താ. 14:23 | പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു. |
| മത്താ. 6:6 | എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും. |
| കൊലൊ. 2:7 | അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ. |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |